# അഹങ്കാരീ, നീ സ്വർഗത്തിൽ കടക്കില്ല

عَنْ عَبْد الله بْنُ مَسْعُود رَضِيَ اللَّهُ عَنه قَالَ:قَالَ رَسُولُ الله ﷺ: لا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِه مِثْقَالُ ذَرَّةٍ مِن كِبْرٍ.قَالَ رَجُلٌ: إِنَّ الرَّجُلَ يُحِبّ أَنْ يَكُون ثَوْبُه حَسَنًا و نَعْلُه حَسَنَةً. قَالَ : إِنَّ الله جَمِيلٌ، يُحِبُّ الْجَمَالَ، الْكِبْرُ بَطَرُ الْحَقِّ وَغَمْطُ النَّاسِ.

**അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വിൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "ഹൃദയത്തിൽ ഒരണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അപ്പോൾ ഒരാൾ ചോദിച്ചു. 'ഒരു വ്യക്തി തന്റെ വസ്ത്രവും ചെരിപ്പും നല്ലതാകാൻ ഇഷ്ടപ്പെടുന്നു. അത് അഹങ്കാരമാകുമോ?' തിരുമേനി പറഞ്ഞു: "അല്ലാഹു സൗന്ദ ര്യവാനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. സത്യം തള്ളിക്കള യലും ജനങ്ങളെ നിസ്സാരരായി കാണലുമാണ് അഹങ്കാരം. (മുസ്‌ലിം)**

**വ്യക്തിയെയും** സമൂഹത്തെയും വിനാശത്തിലേക്ക് നയിക്കുന്ന ഒട്ടനവധി ദുർഗുണങ്ങളുണ്ട്. അവയിൽ പലതിനെ സംബന്ധിച്ചും നബി(സ) ശക്തമായ താക്കീതും മുന്നറിയിപ്പും നൽകിയിട്ടുമുണ്ട്. അക്കൂട്ടത്തിൽ ഗുരുതരമായതാണ് അഹങ്കാരം. സ്വർഗ പ്രവേശനത്തിന് പോലും പ്രതിബന്ധമായി നിൽക്കുന്ന ദുർഗുണമായാണ് അഹങ്കാരത്തെ റസൂൽ(സ) പരിചയപ്പെടുത്തുന്നത്. വലിയ അളവിൽ അഹങ്കാരമുള്ളവൻ മാത്രമല്ല, അഹങ്കാരത്തിന്റെ അംശങ്ങൾ മനസ്സിനെ സ്വാധീനിച്ചവൻ പോലും, സ്വർഗപ്രവേശം പ്രയാസകരമാകുന്ന നിർഭാഗ്യവാനായിത്തീരുമെന്നാണ് പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകുന്നത്.

ഇഹലോകത്ത് അല്ലാഹു മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരേക്കാൾ അനുഗ്രഹങ്ങൾ നൽകുന്നു. അതവന്റെ പ്രത്യേകമായ യുക്തിയുടെയും തീരുമാനത്തിന്റെയും ഫലമായാണ്. പടച്ചവന്റെ ഈ ഔദാര്യത്തെ അനുഗ്രഹമായി കണ്ട് വിനയാന്വിതരും നന്ദിയുള്ളവരുമാവുകയാണ് വേണ്ടത്. എന്നാൽ, പലർക്കുമിത് അഹന്തക്കും അഹങ്കാരത്തിനും പ്രേരകമായി മാറുകയാണ് ചെയ്യുന്നത്. അധികാരം സമ്പത്ത്, വിജ്ഞാനം, സൗന്ദര്യം, വർഗം, വർണം, ഭാഷ, ദേശം തുടങ്ങി പലതിന്റെ പേരിലും വ്യക്തിയും സമൂഹവും അഹങ്കാരം വെച്ചു പുലർത്തുന്നത് കാണാൻ കഴിയും.

അഹങ്കാരത്തിന്റെ ആദ്യ ഗുരു പിശാചാണ്. സ്വർഗസ്ഥനായിരുന്ന പിശാച് ബഹിഷ്കൃതനാകാനും അഭിശപ്തനായിത്തീരാനും കാരണമാക്കിയ ആദ്യപാപവും അഹങ്കാരം തന്നെ. സൃഷ്ടിശ്രേഷ്ഠനായ മനുഷ്യനെ ആദരിച്ച് നമിക്കാൻ പരിശുദ്ധരായ മലക്കുകളോട് അല്ലാഹു കൽപിച്ചപ്പോൾ അവരാ കൽപന ശിരസാ വഹിക്കുകയും എന്നാൽ പിശാച് മാത്രം വിസമ്മതിക്കുകയും ചെയ്തു. അഗ്നിയിൽനിന്ന് സൃഷ്ടിക്കപ്പെട്ട താൻ മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യന് നമിക്കുകയില്ല എന്ന വംശമഹിമയുടേതായ അഹങ്കാരമാണ് അവനെ അഭിശപ്തനാക്കിയത്.

അഹങ്കാരത്തിന് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. അഹങ്കാരികളായ സമൂഹങ്ങൾ ചെയ്തുകൂട്ടിയ അനർഥങ്ങൾക്ക് കൈയ്യും കണക്കുമില്ല. പിശാചിനെ മാതൃകയാക്കി അധികാരത്തിന്റെയും സമ്പത്തിന്റെയും ശക്തിയുടെയും വംശമഹിമയുടെയും തുടങ്ങി പലതിന്റെ പേരിലും അഹങ്കരിച്ച വ്യക്തികളുടെയും സമൂഹങ്ങളുടെയും കഥ വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്.

അധികാരത്തിൽ അഹങ്കരിച്ചു 'ഞാനാണ് നിങ്ങളുടെ അത്യുന്നത നാഥൻ' എന്ന് പ്രഖ്യാപിച്ച ഫറോവ, നൂഹ് നബി(അ)യുടെ ജനത, ആദ്-സമൂദ് ഗോത്രങ്ങൾ, മദ്‌യൻ നിവാസികൾ, സദൂം നിവാസികൾ തുടങ്ങി അഹങ്കാരത്തിന്റെ ഫലമായി സത്യത്തോട് പുറം തിരിഞ്ഞ് നിൽക്കുകയും അത് വഴി അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയരാവുകയും ചെയ്ത ജന വിഭാഗങ്ങളുടെ ചരിത്രം ഖുർആൻ ഉദാഹരിക്കുന്നുണ്ട്.

കൂടാതെ ഫലസമൃദ്ധമായ തന്റെ തോട്ടങ്ങളുടെ പേരിൽ അഹങ്കാരം കാണിച്ച തോട്ടക്കാരന്റെ കഥ, അൽ കഹ്ഫ് അധ്യായത്തിൽ ഹൃദയഹാരിയായാണ് അവതരിപ്പിച്ചിരിക്കുന്നത്. 'ഞാൻ നിന്നെക്കാൾ സമ്പന്നനും ആൾബലമുള്ളവനുമാണെന്ന് മേനി നടിച്ച അയാളുടെ തോട്ടങ്ങൾ അല്ലാഹു ശിക്ഷയിലൂടെ ഒറ്റ രാത്രികൊണ്ട് നശിപ്പിക്കുകയാണ് ചെയ്തത്. അധികാരം, സമ്പത്ത്, വിജ്ഞാനം തുടങ്ങി പലതിന്റെ പേരിലും അഹങ്കരിക്കുന്നവരെ ഇക്കാലത്തും നമുക്ക് കാണാൻ കഴിയും. ആത്മവഞ്ചനയും അൽപത്തവുമാണിത്.

സ്വയമേവ യാതൊന്നുമുണ്ടാക്കാൻ ശേഷിയില്ലാത്ത, എല്ലാം പടച്ചവന്റെ ദാനമായി മാത്രം ലഭിച്ച മനുഷ്യന് അഹങ്കരിക്കാനെന്തർഹതയാണുള്ളത്? ഖുർആൻ അടിക്കടി ഇക്കാര്യത്തെക്കുറിച്ച് താക്കീത് നൽകിയിട്ടുണ്ട്.

"നീ ഭൂമിയിൽ അഹങ്കരിച്ച് നടക്കരുത്. നിനക്ക് ഭൂമിയെ പിളർക്കാനോ പർവതങ്ങളോളം ഉയരം പ്രാപിക്കാനോ സാധ്യമല്ല" (*അൽ ഇസ്റാഅ്* 37).

സദ്‌വൃത്തനായ പിതാവ് തന്റെ പ്രിയപ്പെട്ട മകന് നൽകുന്ന ഉപദേശത്തിന് മാതൃകയെന്നോണം ലുഖ്മാനുൽ ഹകീം എന്ന മഹാൻ മകന് നൽകിയ സദുപദേശം ഖുർആൻ എടുത്തുദ്ധരിക്കുന്നുണ്ട്.

"നീ അഹങ്കാരത്തോടു കൂടി ആളുകളിൽനിന്ന് മുഖം തിരിക്കരുത്. ഭൂമിയിൽ അഹങ്കാരം നടിക്കുകയുമരുത്. അഹന്ത നടിക്കുകയും പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്ന ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല" (*ലുഖ്മാൻ* 18).

അഹങ്കാരവുമായി ബന്ധപ്പെട്ടു തെറ്റിദ്ധാരണ തിരുത്തുന്നതാണ് ഹദീസിന്റെ ബാക്കി ഭാഗം. ഇഹലോകത്ത് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതും ആസ്വദിക്കുന്നതും നല്ല വസ്തുക്കൾ ഉപയോഗിക്കുന്നതുമൊക്കെ അഹങ്കാരമെന്ന് തെറ്റിദ്ധരിക്കുന്നവർക്കുള്ള മറുപടി കൂടിയാണിത്. ധൂർത്തോ ദുർവ്യയമോ ആകാത്ത രൂപത്തിൽ വസ്ത്രം, പാദരക്ഷ തുടങ്ങി എന്തുനല്ലതും ഭംഗിയുള്ളതുമൊക്കെ ഉപയോഗിക്കുന്നത് അഹങ്കാരമാകില്ലെന്ന് മാത്രമല്ല, അല്ലാഹു ഏറെ ഇഷ്ടപ്പെടുന്ന സദ്‌വൃത്തി കൂടിയാണ്.

എക്കാലത്തുമുള്ള അഹങ്കാരികൾക്കുണ്ടാകുന്ന രണ്ടടിസ്ഥാന സ്വഭാവങ്ങൾ, സത്യം എത്രതന്നെ വ്യക്തമായി ബോധ്യപ്പെട്ടാലും അംഗീകരിക്കാതിരിക്കലും, മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണ് താനെന്ന് സ്വയം കരുതുന്നതോടൊപ്പം മറ്റുള്ളവരെയെല്ലാം നിസ്സാരരായി കണ്ടുകൊണ്ട് പെരുമാറുന്നതുമാണ്. ■